(ഇ) (രൂപ കോടിയിൽ)

വർഷം	LIC	GIC	NABARD	NCDC
2000-2001	329.65	26.40	78.61	38.84
2001-2002	360.92		155.71	65.78
2002-2003	425.00	65.90	114.37	42.50
2003-2004	440.00	40.00	117.53	123.46

(രൂപ കോടിയിൽ)

വർഷം	പദ്ധതി
2000-2001	2257.60
2001-2002	2489.47
2002-2003	2946.76
2003-2004	3328.30
2004-2005*	2989.96

*അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്ക് പ്രകാരം

(എഫ്) പദ്ധതി ചെലവ് വർദ്ധിച്ചു വരുന്നതിനാൽ പൊതുകടം കുറയ്ക്കുവാൻ സാധിക്കുകയില്ല. എന്നാൽ ഡെബ്റ്റ് സ്വാപ് സ്കീം പ്രകാരം പലിശ ബാദ്ധ്യത കുറയ്ക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പൊതുകടം

16 [194] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-5-2005-ലെ കണക്കനുസരിച്ച് സംസ്ഥാനത്തിന്റെ പൊതുകടം എത്ര കോടി രൂപയായിരുന്നു എന്ന് വെളിപ്പെടുത്താമോ;

(ബി) യു. ഡി. എഫ്. സർക്കാർ അധികാരമേറ്റ 2001 മേയ് 17-ന് സംസ്ഥാനത്തെ പൊതുകടം എത്രയായിരുന്നു എന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) യു. ഡി. എഫ്. സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഓരോന്നിലും ഉണ്ടായ സാമ്പത്തിക കമ്മി എത്ര വീതമായിരുന്നു എന്നും തന്നാണ്ടുകളിലെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ അവ എത്ര വീതമായിരുന്നു എന്നും വിശദമാക്കാമോ;

(ഡി) ബഡ്ജറ്റ് കമ്മിയും യഥാർത്ഥ കമ്മിയും തമ്മിൽ അന്തരമുണ്ടെങ്കിൽ അതിന്റെ കാരണങ്ങളെന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 30-4-2005-ലെ മൊത്തം പൊതുകടം 42588.60 കോടി രൂപയാണ്. 2005 മെയ് മാസത്തിലെ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

(ബി) 31-3-2001-ൽ സംസ്ഥാനത്തിന്റെ പൊതുകടം 23919 കോടി രൂപയായിരുന്നു.

(സി) യു. ഡി. എഫ്. സർക്കാർ അധികാരമേറ്റത് മുതൽ ഉണ്ടായിട്ടുള്ള ധന കമ്മിയും ബഡ്ജറ്റ് എസ്റ്റിമേറ്റും താഴെ കാണും പ്രകാരമാണ്.

(രൂപ കോടിയിൽ)

ധന കമ്മി

വർഷം	കണക്ക്	ബഡ്ജറ്റ് എസ്റ്റിമേറ്റ്
2001-02	3269.41	3237.30
2002-03	4990.04	2952.96
2003-04	5539.05	3306.94
2004-05*	4259.33	5342.89

*അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്ക് പ്രകാരം

(ഡി) റവന്യൂ അക്കൗണ്ടിൽ വന്ന കമ്മി നികത്തുന്നതിനുവേണ്ടിയും വർദ്ധിച്ചു വരുന്ന പദ്ധതി ചെലവുകൾക്കായി കടം എടുത്തതും റവന്യൂ ചെലവ് വർദ്ധിച്ചതും റവന്യൂ വരുമാനം പ്രതീക്ഷിച്ചതിനേക്കാളും കുറഞ്ഞതുമാണ് ബഡ്ജറ്റ് കമ്മിയും യഥാർത്ഥ കമ്മിയും തമ്മിലുള്ള അന്തരത്തിന് കാരണം.

LIBRARY ARCHIVES Kerala Legislative Assembly